**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2300** **12-10-2021 - ൽ മറുപടിയ്ക്ക്**

**പെട്രോളിയം ഉല്പന്നങ്ങളുടെ വില കുറയ്ക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദ്ദീൻ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ . ടി. വി. ഇബ്രാഹിം | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി കൗൺസിൽ യോഗത്തിൽ പൊതുജനങ്ങൾക്ക് ഗുണകരമാകുന്ന ഏതെല്ലാം നിർദ്ദേശങ്ങളാണ് സർക്കാർ സമർപ്പിച്ചിരുന്നത്; വ്യക്തമാക്കുമോ; | (എ) | പൊതുജനങ്ങൾക്ക് ഗുണകരമാകുന്ന ഒട്ടേറെ നിർദ്ദേശങ്ങൾ സംസ്ഥാനം ജി.എസ്.ടി കൗൺസിലിൽ അവതരിപ്പിച്ചിട്ടുണ്ട്. പ്രധാനമായും സംസ്ഥാന താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനാണ് ജി.എസ്.ടി കൗൺസിലിൽ വാദിച്ചിട്ടുള്ളത്. ചരക്കുകളുടെയും സേവനങ്ങളുടെയും നികുതി നിരക്കുകൾ നിശ്ചയിക്കുന്നതിലും മാറ്റം വരുത്തുന്നതിലും സംസ്ഥാന താല്പര്യം മുൻനിർത്തിയുള്ള നിലപാടുകളാണ് ജി.എസ്.ടി കൗൺസിലിൽ സ്വീകരിച്ചിട്ടുള്ളത്. നികുതി നിരക്കുകൾ പുന:സംഘടിപ്പിക്കുന്നതിലൂടെയും നികുതി വെട്ടിപ്പ് തടയുന്നതിലൂടെയും ലഭിക്കുന്ന നികുതി പണം പൊതുജനങ്ങൾക്ക് ഗുണകരമാകുന്ന രീതിയിൽ വിനിയോഗിക്കുവാൻ സാധിക്കും. ജീവൻരക്ഷാ മരുന്നുകൾ, കോക്ലിയർ ഇംപ്ലാന്റ് ഉടങ്ങിയവയുടെ നികുതി നിരക്ക് കുറയ്ക്കുന്നതിനും സംസ്ഥാനം മുൻകൈ എടുത്തിട്ടുണ്ട്. വെളിച്ചെണ്ണയുടെ നികുതി വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം മാറ്റിവെപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | പെട്രോളിയം ഉല്പന്നങ്ങളുടെ വില ചില സംസ്ഥാനങ്ങൾ പകുതിയോളം കുറച്ച് ജനങ്ങൾക്ക് വിതരണം നടത്തുന്നത് സംസ്ഥാനം മാതൃകയാക്കുമോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ; | (ബി) | നിലവിൽ പെട്രോളിനും ഡീസലിനും സംസ്ഥാന വിൽപന നികുതി നിയമം, 1963 പ്രകാരമാണ് നികുതി ഈടാക്കുന്നത്. പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80 ശതമാനവും 24.52 ശതമാനവും ആയിരുന്നു. 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവും ആയി കുറച്ചിട്ടുണ്ട്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം |

| | | | |
|---|---|---|---|
| | | | നാളിതുവരെ പെട്രോൾ, ഡീസൽ നികുതി വർദ്ധിപ്പിച്ചിട്ടില്ല. 2014-ൽ കേന്ദ്ര സർക്കാർ അധികാരത്തിലേറിയ സമയത്ത് ഓരോ ലിറ്റർ പെട്രോളിന്മേലും ഡീസലിന്മേലും ചുമത്തിയിരുന്ന കേന്ദ്ര നികുതികൾ യഥാക്രമം 9.476 രൂപ/ലിറ്റർ, 3.564 രൂപ/ലിറ്റർ എന്നിങ്ങനെ ആയിരുന്നത് യഥാക്രമം 32.9 രൂപ/ലിറ്റർ, 31.8 രൂപ/ലിറ്റർ എന്നിങ്ങനെ ആയി വർദ്ധിപ്പിച്ചു. ഇപ്രകാരം വർദ്ധിപ്പിച്ച കേന്ദ്ര നികുതി കുറച്ച് പെട്രോൾ, ഡീസൽ വില നിയന്ത്രിക്കാവുന്നതാണ്. 06/05/2020-ൽ കേന്ദ്രനികുതികളിൽ പെട്രോളിന് പ്രതിലിറ്ററിന് 10 രൂപയുടെയും ഡീസലിന് പ്രതിലിറ്ററിന് 13 രൂപയുടെയും വർദ്ധനവ് വരുത്തിയിട്ടുണ്ട്. അതിനാൽ കേന്ദ്ര സർക്കാരിന്റെ എക്സൈസ് തീരുവയും സെസ്സും വരുത്തിയ നികുതി വർദ്ധനവ് മൂലമുള്ള വിലക്കയറ്റം അതിജീവിക്കുവാൻ സംസ്ഥാന സർക്കാർ ഈടാക്കുന്ന നികുതികളിൽ മാത്രം കുറവ് വരുത്തുന്നത് ഉചിതമല്ല. നികുതിനിരക്ക് കുറച്ചാൽ വികസനക്ഷേമ പ്രവർത്തനങ്ങൾ തുടരുന്നതിന് വൻപ്രതിസന്ധി സൃഷ്ടിക്കും. |
| (സി) | പെട്രോളിയം ഉല്പന്നങ്ങളിൽ ഉപഭോക്താക്കളിൽ ചുമത്തുന്ന നികുതിയിൽ നിന്ന് സംസ്ഥാന ഗവൺമെന്റ് വിഹിതം പരിപൂർണ്ണമായി ഒഴിവാക്കാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കുമോ? | (സി) | നിലവിൽ പെട്രോളിനും ഡീസലിനും സംസ്ഥാന വിൽപന നികുതി നിയമം, 1963 പ്രകാരമാണ് നികുതി ഈടാക്കുന്നത്. പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80 ശതമാനവും 24.52 ശതമാനവും ആയിരുന്നു. 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവും ആയി കുറച്ചിട്ടുണ്ട്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പെട്രോൾ, ഡീസൽ നികുതി വർദ്ധിപ്പിച്ചിട്ടില്ല. 2014-ൽ കേന്ദ്ര സർക്കാർ അധികാരത്തിലേറിയ സമയത്ത് ഓരോ ലിറ്റർ പെട്രോളിന്മേലും ഡീസലിന്മേലും ചുമത്തിയിരുന്ന കേന്ദ്ര നികുതികൾ യഥാക്രമം 9.476 രൂപ/ലിറ്റർ, 3.564 രൂപ/ലിറ്റർ എന്നിങ്ങനെ ആയിരുന്നത് യഥാക്രമം 32.9 രൂപ/ലിറ്റർ, 31.8 രൂപ/ലിറ്റർ എന്നിങ്ങനെ ആയി വർദ്ധിപ്പിച്ചു. ഇപ്രകാരം വർദ്ധിപ്പിച്ച കേന്ദ്ര നികുതി കുറച്ച് പെട്രോൾ, ഡീസൽ വില നിയന്ത്രിക്കാവുന്നതാണ്. 06/05/2020-ൽ കേന്ദ്രനികുതികളിൽ പെട്രോളിന് പ്രതിലിറ്ററിന് 10 രൂപയുടെയും ഡീസലിന് പ്രതിലിറ്ററിന് 13 രൂപയുടെയും വർദ്ധനവ് വരുത്തിയിട്ടുണ്ട്. അതിനാൽ കേന്ദ്ര സർക്കാരിന്റെ എക്സൈസ് തീരുവയും സെസ്സും |

| | | | |
|---|---|---|---|
| | | | വരുത്തിയ നികുതി വർദ്ധനവ് മൂലമുള്ള വിലക്കയറ്റം അതിജീവിക്കുവാൻ സംസ്ഥാന സർക്കാർ ഈടാക്കുന്ന നികുതികളിൽ മാത്രം കുറവ് വരുത്തുന്നത് ഉചിതമല്ല. നികുതിനിരക്ക് കുറച്ചാൽ വികസനക്ഷേമ പ്രവർത്തനങ്ങൾ തുടരുന്നതിന് വൻപ്രതിസന്ധി സൃഷ്ടിക്കും. |

സെക്ഷൻ ഓഫീസർ